
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS


CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Dukrana, May-1985
# ദുക്റാനാ




| | |
|---|---|
| Call Number | RR-1369/WM |
| Title | Dukrana Aaradhana. May Monthly<br>ദുക്റാനാ |
| Topic | A Journal on Liturgy<br>Sponsered by the Eastern Liturgical society |
| Author | Unknown. |
| Publisher/Year | Fr. George Kolath /1985 |
| Board of Editors | Dr. Jacob Vellian<br>S. Kurian Vempany |
| Edition | 5 |
| Managing Editor | Dr. Xavier Koodapuzha |
| News Editor | Dr. Wilson Ukken |
| Book | 5 |
| Printed at | Kottayam |
| Total Pages | 50 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #Dukrana #AJournalonLiturgy # EasternLiturgicalsociety # FrGeorgeKolath # DrJacobVellian #S.KurianVempany # Dr.XavierKoodapuzha # DrWilsonUkken #Kottayam |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org




www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പുസ്തകം 5 1985 മെയ് ലക്കം 5

# ദുക്റാന

*All correspondence to The Circulation Manager*
*Vidyanagar, Manganam P. O. Kottayam – 686 018.*
*Single Copy Rs. 1.25. Annual Subscription Rs. 12.*

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## ഈ ലക്കത്തിൽ


നിങ്ങൾക്കു സമാധാനം 5
–ഫാ. ജയിംസ് വടക്കേൽ

മലബാർ സഭയിലെ വിവാഹാചാരങ്ങൾ
16-ാം നൂറ്റാണ്ടിനു മുമ്പും പിമ്പും 7
–ഡോ. തോമസ് മണ്ണൂരാൻപറമ്പിൽ

ഷന്ദായിലെ പ്രേഷിത ശൈലി 12
–ഡോ. സേവ്യർ കൂടപ്പുഴ

വനിതാ ഡീക്കൻ 15
–ജേക്കബ് വെള്ളിയാൻ

ചിന്താതരംഗം 20

"താളമേളങ്ങളൊത്തുകൂടുമ്പോൾ
താലിവീഴും കഴുത്തില്" 22
–ബാബു ചാഴികാടൻ

ദൗത്യവാഹകരെ ഉണരൂ ഉണരൂ 31

ഗ്രന്ഥപരിചയം 33

വാർത്താലോകം 35

കലണ്ടർ



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

മലബാർ സഭയിലെ
വിവാഹാചാരങ്ങൾ
16-ാം നൂററാണ്ടിനു മുമ്പും

ഉദയംപേരൂർ സുനഹദോസ് വഴി മലബാർ സഭയിലെ വിവാഹാചാരങ്ങൾക്കു വന്നു ഭവിച്ച നേട്ടങ്ങളും കോട്ടങ്ങളും വിശകലനം ചെയ്യുന്നതാണ് ഈ ലേഖനം.

ഉദയംപേരൂർ സുനഹദോസിന് മുൻപ് കേരള ക്രിസ്ത്യാനികൾ സാമൂഹ്യസാംസ്ക്കാരിക ജീവിതത്തിലും വേഷഭൂഷാദികളിലുമെല്ലാം നമ്പൂതിരിമാരെപ്പോലെയായിരുന്നു. ജനനമരണവിവാഹാദ്യവസരങ്ങളിൽ പ്രായേണ ഒരേ ആചാരങ്ങൾ തന്നെയാണ് ഇരുകൂട്ടരും സ്വീകരിച്ചിരുന്നത്.

പഴയ കാലങ്ങളിൽ നവദമ്പതികൾ വീട്ടിലേയ്ക്കു പ്രവേശിക്കുമ്പോൾ ഹൈന്ദവാചാരമുറയനുസരിച്ച് നിറപറയും നിലവിളക്കും വയ്ക്കുകയും ഒരു കിണ്ടി വെള്ളം വയ്ക്കുകയും ചെയ്തിരുന്നു. ഈ വെള്ളത്തിൽനിന്ന് കുറെ വെള്ളമെടുത്തു വധൂവരന്മാരെ തളിക്കുകയും നെന്മണികൾ അവരുടെ ദേഹത്തു വിതറുകയും ചെയ്യുമായിരുന്നു. ഇത് സുനഹദോസ് നിഷേധിച്ച ആചാരമാണ്.

മലബാർ സഭയിൽ വിവാഹകർമ്മാനുഷ്ഠാനങ്ങൾക്കു കൈവന്നിരിക്കുന്ന രൂപഭദ്രതയ്ക്കു നാം ഒരളവോളം ഉദയംപേരൂർ സുനഹദോസിനോടു കടപ്പെട്ടിരിക്കുന്നു. *1599*-ൽ സമ്മേളിച്ച സുനഹദോസിന്റെ 7-ാം

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ആക്ടിൽ *16* കാനോനകളി ലായി സീറോ – മലബാർ സഭ യുടെ വിവാഹക്രമം സവിസ് തരം പ്രതിപാദിച്ചിരിക്കുന്നു.



ഉദയംപേരൂർ സൂനഹദോസിന്റെ മലബാർ സഭയിലെ വിവാഹക്രമത്തെപ്പററിയുള്ള കാനോനകൾക്ക മുമ്പായുള്ള ആമുഖത്തിൽ ഈ കൂദാശയെപ്പററിയുള്ള സഭയുടെ പൊതുവായ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്നു. ദാമ്പത്യബന്ധത്തിൽ ഏർപ്പെടാൻപോകുന്ന വധൂവരന്മാർക്ക പൂർണ്ണമായ സമ്മതമുണ്ടായിരിക്കണമെന്നും ദൈവസേവനത്തിനായി ശിശുക്കൾക്ക് ജന്മം നൽകുകയാണ് അതിന്റെ പരമമായ ലക്ഷ്യമെന്നും മരണം വരെ നിലനില്ക്കുന്ന ദാമ്പത്യബന്ധത്തിൽ അവർ അഭംഗുരം വിശ്വസ്തത പുലർത്തണമെന്നും അതു് ഉദ്ബോധിപ്പിക്കുന്നു.

## മലബാർ വിവാഹക്രമത്തിന് വിലക്ക്

ഇടവക വികാരിയൊ നിയോഗിക്കപ്പെടുന്ന മറെറാരു വൈദികനൊ രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ വിവാഹം ആശീർവ്വദിക്കണമെന്നും അല്ലാത്ത പക്ഷം അതു് അസാധുവായിരിക്കുമെന്നും ഒന്നാം കാനോന പറയുന്നു. വിവാഹത്തോടനുബന്ധിച്ചുള്ള പല കർമ്മങ്ങളും ആഘോഷങ്ങളും വിജാതീയരിൽ നിന്നുള്ളവയാകയാൽ തെന്ത്രോസു് സൂനഹദോസ് നിശ്ചയിച്ചിട്ടുള്ള കർമ്മപ്രകാരം വിവാഹം നടത്തണമെന്നും അതു് അനുശാസിക്കുന്നു. പുറജാതികളുടെ പല കർമ്മങ്ങളും ആഘോഷങ്ങളും മാർത്തോമ്മാ ക്രിസ്ത്യാനികൾ വിവാഹത്തോടനുബന്ധിച്ച നടത്തിയിരുന്നെന്നും ഏതൊരു വൈദികനും വധൂവരന്മാർ ആഗ്രഹിക്കുന്ന ഏതൊരു സ്ഥലത്തുവെച്ചും വിവാഹം ആശീർവ്വദിച്ചിരുന്നെന്നും ഗുവേയാ, റൗളിൻ തുടങ്ങിയവർ പ്രസ്താവിക്കുന്നുണ്ടു്. വൈദികനെ കൂടാതെ ഗ്രാമാന്തരങ്ങളിൽവച്ചും വിവാഹകർമ്മം നടത്തിയിരുന്നതായി ഗുവേയാ സാക്ഷിക്കുന്നു. മേൽപ്പറഞ്ഞ രീതികൾ സൂനഹദോസ് കർശനമായി വിലക്കി.

## സഭയിലെ വിവാഹനിയമങ്ങളുടെ തായ്‌വേര്

മലബാറിൽ ഉണ്ടായിരുന്ന വിവാഹാഘോഷങ്ങളെപ്പററി പഠിക്കുന്നതിനു് മററു് ആധികാരികമായ രേഖകളുടെ അഭാവം നിമിത്തം പൗരസ്ത്യസുറിയാനി കാനൻ നിയമങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. കാരണം, മല

# വനിതാ ഡീക്കൻമാർ?

ഈശോയുടെകൂടെയും അപ്പസ്തോലന്മാരുടെകൂടെയും ശുശ്രൂഷികളായി സ്ത്രീകൾ ഉണ്ടായിരുന്നല്ലോ. 3-ാം നൂററാണ്ടു മുതൽ വനിതാഡീക്കന്മാർ ഔപചാരികമായ ഒരു പദവിയായിത്തീർന്നു. ഈ പദവി പ്രത്യേകിച്ചും പൗരസ്ത്യ സഭകളിലും സുറിയാനി സഭകളിലും സർവ്വസാധാരണവുമായി. ആരാധനക്രമങ്ങളിലും സാമൂഹ്യരംഗങ്ങളിലും സ്ത്രീകൾക്കു ശുശ്രൂഷ ചെയ്യാൻ വേണ്ടി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു വനിതാഡീക്കൻമാർ. 3-ാം നൂററാണ്ടിലെ അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റേതെന്നു കരുതപ്പെടുന്ന ഒരു ലേഖനത്തിൽ ഇപ്രകാരം കാണുന്നുണ്ട്.

മിശിഹായിൽ വനിതാഡീക്കൻമാരായി വി. കവാടത്തിന്റെ സൂക്ഷിപ്പുകാരായവർക്കു് എന്റെ അഭിവാദനം.

മൂന്നാം നൂററാണ്ടിൽ വേരുപിടിച്ചുവന്ന ഈ വനിതാഡീക്കൻ പദവി ഇന്ന് തിരോഭവിച്ചിരിക്കുന്നു. അവരിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ ഇന്നും നിർവ്വഹിക്കപ്പെടേണ്ടതല്ലേ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യ സഭകളിൽ വനിതാ ഡീക്കൻമാരെ വീണ്ടും നിയോഗിക്കേണ്ടതുണ്ടോ? അവരുടെ ആവശ്യം ഇന്നുണ്ടോ? ഈ വസ്തുതകളിലേയ്ക്കു വെളിച്ചം വീശുന്നതാണ് റവ. ഡോ. വെള്ളിയാന്റെ ഈ ലേഖനം.

സിറിയായിൽ എഴുതപ്പെട്ട അപ്പസ്തോലന്മാരുടെ പാരമ്പര്യമനുസരിച്ച് 3-ാം നൂററാണ്ടിലാണ് വനിതാ ഡീക്കനെ മെത്രാൻ നിയോഗിക്കുന്നത്. സ്നാനാർത്ഥി മാമ്മോദീസാ സ്വീകരിക്കുവാൻ ജലാശയത്തിലേയ്ക്കു് ഇറങ്ങുന്നതിനുമുമ്പ് അവർ ദേഹത്തു് എണ്ണ പൂശേണ്ടതായിട്ടുണ്ടായിരുന്നു. സ്നാനാർത്ഥി സ്ത്രീയെങ്കിൽ വനിതാ ഡീക്കൻ വേണം പൂശുവാൻ. വനിതാഡീക്കൻ ഉള്ളപ്പോൾ സ്ത്രീകളുടെ ദേഹം പുരുഷന്മാർ ലേപനം ചെയ്യേണ്ടതില്ലെന്നും പകരം തലയിൽമാത്രം കൈവച്ചു പൂശിയാൽ മതിയെന്നും ഈ ഗ്രന്ഥം നിർദ്ദേ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ശിക്കുന്നു. ഇതിൽ വനിതാഡീക്കനെ റൂഹാദ്ക്കുദിശായോട് ഉപമിക്കുന്നതായി കാണാം. റൂഹാ എന്നതു് സെമററിക് ഭാഷയിൽ സ്ത്രീലിംഗമായിരുന്നതുകൊണ്ടാവാം ഈ അർത്ഥകല്പന വന്നതു്. ഏ. ഡി. 535-ൽ കോൺസ്റ്റാൻറിനോപ്പിൾ വിശുദ്ധ വിജ്ഞാനത്തിൻെറ ദേവാലയത്തിലെ പ്രദക്ഷിണത്തിൽ 60 വൈദികരും 100 ഡീക്കന്മാരും 40 വനിതാഡീക്കന്മാരും ഉൾപ്പെട്ടിരുന്നതായി ജസ്ററീനിയൻെറ ഡിക്രിയിൽ കാണാം.



വനിതാ ഡീക്കൻ
ചിത്രകാരൻെറ ഭാവനയിൽ

വൈദികരും ഡീക്കന്മാരും ഇല്ലാത്ത സാഹചര്യങ്ങളിൽ സന്യാസമൂഹങ്ങളിൽ വനിതാ ഡീക്കന്മാർക്കു് തങ്ങളുടെ സഹസന്യാസിനികൾക്കും കുട്ടികൾക്കും കുർബാന നൽകുവാനുള്ള അനുവാദം പാശ്ചാത്യ സുറിയാനി സഭയിലെ യാക്കോബായക്കാരുടെ ഇടയിലുണ്ടായിരുന്നു.

4—ാം നൂററാണ്ടിൽ ആഫ്രിക്കയിലും 7—ാം നൂററാണ്ടിൽ സ്പെയിനിലും വനിതാഡീക്കന്മാരുണ്ടായിരുന്നു. ഔദ്യോഗിക സ്ഥാനം സൂചിപ്പിക്കാൻ മുടിയും ചൂടിയിരുന്നു.

## അകത്തോലിക്കാ സഭകളിൽ

മധ്യയുഗങ്ങളിൽ ഈ ജോലി തിരോഭവിച്ചെങ്കിലും 19—ാം നൂററാണ്ടായപ്പോഴേയ്ക്കും ജർമ്മനിയിലെ ലൂഥറൻ സഭയിലും ആംഗ്ലിക്കൻ സഭയിലും ഇവരുടെ സ്ഥാനം പുനഃസ്ഥാപിക്കപ്പെട്ടു. വനിതാഡീക്കൻെറ സ്ഥാനം ഡീക്കൻെറതെന്നപോലെ പൗരോഹിത്യ പദവിയുമായി ബന്ധപ്പെട്ടതാണോ എന്നതും ആംഗ്ലിക്കൻ സഭയിൽ ഇന്നു തർക്കവിഷയമാണു്. മെത്തോസിസ്ററുകാർ മാത്രം കൂദാശകൾ പരികർമ്മം ചെയ്യാൻ അവരെ അനുവദിക്കാറുണ്ടു്. മററു ശുശ്രൂഷാ പൗരോഹിത്യമുള്ള സഭകളൊന്നും ഇതു് അനുവദിക്കുന്നില്ല.

5-ാം നൂററാണ്ടിൽ എഴുതപ്പെട്ട അപ്പസ്തോലന്മാരുടെ പ്രബോധനം എന്ന ഗ്രന്ഥത്തിൽ ഡീക്കന്മാരോ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org